"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ഉമ്മന്നൂർ സെൻറ് ജോൺസ് വി.എച്ച്.എസ്.എസ് മാനേജർ ഫയൽ ചെയ്ത WP(C)No.28683/2024 -നമ്പൽ ബഹു. ഹൈക്കോടതി 13.08.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.10548/2025/GEDN തീയതി,തിരുവനന്തപുരം, 26-12-2025

പരാമർശം:-
1. കൊല്ലം ജില്ലയിലെ ഉമ്മന്നൂർ സെൻറ് ജോൺസ് വി.എച്ച്.എസ്.എസ്. മാനേജറുടെ 12/07/2024 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 28683/2024 നമ്പലുള്ള 13.08.2024 തീയതി വിധിന്യായം.
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/10/2024 തീയതിയിലെ DEOKTR/2098/2024-B6 നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22-11-2024 തീയതിയിലെ DGE/23923/2024-RA5 DGE നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ഉമ്മന്നൂർ സെൻറ് ജോൺസ് വി.എച്ച്.എസ്.എസ് മാനേജർ ഫയൽ ചെയ്ത WP(C)No.28683/2024-നമ്പൽ ബഹു. ഹൈക്കോടതി 13.08.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരനെ കേട്ടശേഷം EXT P4 (Revision Petition dated 12.07.2024)-നമ്പൽ തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 04.11.2024 തീയതിയിൽ ഗ്രൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2.ഉമ്മന്നൂർ സെൻറ് ജോൺസ് വി എച്ച് എസ് എസ് മാനേജരുടെ അപേക്ഷ ഇപ്രകാരമാണ്:

കൊല്ലം ജില്ലയിൽ കൊട്ടാരക്കര ഡി.ഇ.ഒ.യുടെ പരിധിയിൽപെട്ട ഉമ്മന്നൂർ സെന്റ് ജോൺസ് ഹൈസ്കൂളിൽ 2022-23 വർഷം അനുവദിച്ചു ലഭിക്കാൻ അർഹതയുള്ള ഒരു HST മാത്സ് തസ്തിക അനുവദിച്ചു നൽകാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ 23-08-23-ലെ RA4/75454/2023 നമ്പർ നടപടി ഉത്തരവ് പ്രകാരം നിരസിച്ചതിനെതിരെയാണ് വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും തുടർന്ന് WPC 28684/24 ഫയൽ ചെയ്തിട്ടുള്ളതും. 2022-23 വർഷം UID ഉള്ള കുട്ടികളുടെ എണ്ണം അനുസരിച്ച് 4 അധികതസ്തികൾ അധികമായി അനുവദിച്ചു ലഭിക്കണമായിരുന്നു.

1. HST English 2. HST മാത്സ്

3. HST മലയാളം 4. Junior Hindi

HST മാത്സ് ഒഴികെ മറ്റ് മൂന്ന തസ്തികകളും അനുവദിച്ചു നൽകി. HST മാത്സ് തസ്തിക അനുവദിക്കാത്തതിനു കാരണമൊന്നും വ്യക്തമാക്കിയിട്ടുമില്ല.

2 022-23 വർഷം ഒരോ ക്ലാസ്സിലും ഉണ്ടായിരുന്ന UID ഉള്ള കുട്ടികളുടെ എണ്ണം ചുവടെ നൽകുന്നു.

V	VI	VII	VIII	IX	X
53	40	49	68	67	54

ബഹുമാനപ്പെട്ട കൊട്ടാരക്കര ഡി.ഇ.ഒ. 12-8-2022-ന് സ്കൂളിൽ സന്ദർശനം നടത്തി കുട്ടികളുടെ എണ്ണം എടുത്തിരുന്നു. അന്നത്തെ കുട്ടികളുടെ എണ്ണം ചുവടെ നൽകുന്നു.

V	VI	VII	VIII	IX	X
47	36	40	61	61	48

ഡി.ഇ.ഒ.യുടെ സന്ദർശനദിവസം പത്താം ക്ലാസ്സിൽ 48 കുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഹാജരാകാത്ത 6 കുട്ടികൾ യഥാർത്ഥത്തിൽ പഠിക്കുന്നവരാണോ എന്ന് ഡി.ഇ.ഒ. പരിശോധിച്ചില്ല. സന്ദശനദിവസത്തെ കുട്ടികളുടെ എണ്ണം കണക്കാക്കിയാകാം പത്താം ക്ലാസിൽ രണ്ട് ഡിവിഷൻ അനുവദിക്കേണ്ടതിനുപകരം ഒരു ഡിവിഷൻ മാത്രം അനുവദിക്കുകയും തൽഫലമായി മാത്സ് തസ്തിക അനുവദിക്കാതെ നിരസിച്ചതെന്ന് അനുമാനിക്കുന്നു. 19-7-2022-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/5594/2022/DGE നമ്പർ സർക്കുലർ പ്രകാരം "വിദ്യാഭ്യാസ ആഫീസർ പരിശോധന നടത്തുന്ന ദിവസം ഹാജരായില്ലെന്ന കാരണത്താൽ മാത്രം ഒരു വിദ്യാർത്ഥിയും തസ്തിക നിർണയത്തിന് പരിഗണിക്കപ്പെടാതിരിക്കരുത്" എന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹു. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ 17-11-22-ൽ അദ്ദേഹം ആകസ്മിക സന്ദർശനം നടത്തി. അന്നേ ദിവസത്തെ കുട്ടികളുടെ എണ്ണം ചുവടെ നൽകുന്നു.

V	VI	VII	VIII	IX	X
42	33	46	64	55	52

അന്നേ ദിവസം ഹാജരുണ്ടായിരുന്നതും ഹാജരില്ലാതിരുന്നതുമായ എല്ലാ കുട്ടികളുടെയും UID, പരീക്ഷാ പേപ്പർ, മറ്റ് റിക്കാർഡുകൾ എല്ലാം പരിശോധിച്ച് എല്ലാ കുട്ടികളുടെയും "Genuineness' ബഹു. വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഈ വിവരം ബഹു. ഡി.ഡി.,

വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. എന്നിട്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീൽ പരിഗണിച്ചപ്പോൾ മൂന്ന് അധിക തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് പറഞ്ഞ് റിവിഷൻ അപ്പീൽ നിരസിക്കുകയായിരുന്നു. HST മാത്സ് തസ്തിക അനുവദിക്കാൻ കഴിയാത്തതെന്തുകൊണ്ട് എന്ന് ടി ഉത്തരവിൽ പരാമർശിച്ചിട്ടില്ല.

2022-23 വർഷം പത്താം ക്ലാസിൽ ആകെയുള്ള 54 കുട്ടികളും UID ഉള്ളവരും 23 മാർച്ച് മാസത്തെ SSLC പരീക്ഷ എഴുതുകയും പാസാവുകയും ചെയ്തിട്ടുള്ളതാണ്. ടി 54 കുട്ടികളും യഥാർത്ഥമായും പഠിച്ചവരാണോ എന്ന് ബോധ്യപ്പെട്ട് പത്താം ക്ലാസിലെ രണ്ടാമത്തെ ഡിവിഷനും തൽഫലമായി അധികമായി അനുവദിച്ചു ലഭിക്കാൻ അർഹതയുള്ള HST മാത്സ് തസ്തികയും അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

3.പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:

കൊല്ലം ജില്ലയിലെ കൊട്ടാരക്കര വിദ്യാഭ്യാസ ഓഫീസിന് കീഴിൽ വരുന്ന ഉമ്മന്നൂർ സെൻറ് ജോൺസ് വി.എച്ച്.എസ്.എസ്.ൽ 2022-23 വർഷം HST-ഇംഗ്ലീഷ്, HST-മാത്സ്, HST-മലയാളം, ജൂനിയർ ലാംഗ്വേജ് ഹിന്ദി-1 എന്നീ അധികതസ്തികകൾക്കായി പ്രൊപോസൽ സമർപ്പിച്ചിരുന്നു. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യസ ഓഫീസർ ടി സ്കൂളിൽ HST-ഇംഗ്ലീഷ്-1, HST-മലയാളം-1, ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി-1 എന്നീ അധികതസ്തികകൾ മാത്രമേ ശിപാർശ ചെയ്തിരുന്നുള്ളൂ. എന്നാൽ മേൽ പ്രൊപ്പോസലിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ HST-ഇംഗ്ലീഷ്, HST-മാത്സ്, HST-മലയാളം, ജൂനിയർ ലാംഗ്വേജ് ഹിന്ദി-1 എന്നീ അധികതസ്തികകൾക്കായി ശിപാർശ ചെയുകയും ആയത് ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് നൽകുകയും ചെയ്തിരുന്നു. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ HST ഗണിതം തസ്തിക ശിപാർശ ചെയ്യാത്തതിൽ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കു അപ്പീൽ നൽകുകയും അധികതസ്തിക സർക്കാരിൽ നിന്നുമാണ് അനുവദിച്ചു വരേണ്ടത് എന്ന് കാണിച്ചു അപ്പീൽ അപേക്ഷ നിരസിച്ചു നൽകി.

തുടർന്ന് സർക്കാരിന്റെ GO(Ms)No.95/2023/GEDN തീയതി 7.7.2023 പ്രകാരം ടി തസ്തികകൾ അനുവദിച്ചു നൽകുകയും മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്.എസ്.ലെ 9,10 ക്ലാസ്സുകളിൽ ഓരോ അധിക ഡിവിഷനുകളും, അനുബന്ധമായി HST ഗണിതം-1, HST ഇംഗ്ലീഷ് -1, HST മലയാളം -1, ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ-1 എന്നീ അധികതസ്തികകൾ 01/10/2022 പ്രാബല്യത്തിൽ ബി6/45796/2022 തീയതി 29/07/2023 പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി വിഷയത്തിന്മേൽ മാനേജർ ഈ കാര്യാലയത്തിൽ നൽകിയ റിവിഷൻ അപ്പീൽ സർക്കാരിൽ നിന്നുള്ള അധികതസ്തിക അനുവദിച്ചു നൽകിയ ഉത്തരവ് ശ്രദ്ധയിൽപ്പെടാതെ നിരസിച്ച നല്കുകയാണുണ്ടായത്. മേൽ നടപടി മൂലമാണ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ HST ഗണിതം തസ്തിക റദ്ദ് ചെയ്യാൻ അനുമതിക്ക് ആവശ്യപ്പെടുകയും ആയത് അങ്ങയുടെ കാര്യാലയത്തിൽ നൽകുകയും ചെയ്തിട്ടുള്ളത്. അതിനാൽ മേൽ വിഷയത്തിൽ മാനേജർ നൽകിയിട്ടുള്ള 28682/2024 നമ്പർ റിട്ട് ഹർജിയിന്മേലുള്ള ആവശ്യം സർക്കാരിന്റെ GO(Ms)No.95/2023/GEDN തീയതി 7.7.2023 പ്രകാരം പരിഗണിക്കപ്പെട്ടിട്ടുണ്ട് എന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

4.സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ പത്താം ക്ലാസിൽ ഒരു അധിക ഡിവിഷനും HST(Maths)-ന്റെ അധികതസ്തികയും അനുവദിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ഇവയാണ് :

1. KER അദ്ധ്യായം XXI ചട്ടം 12(5) പ്രകാരം 17.11.2022-ൽ ടി സ്കൂളിൽ വിദ്യാഭ്യാസ ഉപഡയറക്ടർ സന്ദർശനം നടത്തുകയും, IX, X ക്ലാസുകളിൽ ഓരോ ഡിവിഷനുകളും എച്ച്.എസ്.ടി. (ഇംഗ്ലീഷ്), എച്ച്.എസ്.ടി.(മലയാളം), എച്ച്.എസ്.ടി.(മാത്സ്), ജൂനിയർ ഹിന്ദി തസ്തികകളും അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു.

2. അതിന്റെ അടിസ്ഥാനത്തിൽ, ടി നാല് അധികതസ്തികകൾ ഉൾപ്പെടുത്തി 2022-23 വർഷത്തെ തസ്തിക പുനർനിർണയിച്ച് ഉത്തരവായെങ്കിലും, അധികതസ്തികകൾ സംബന്ധിച്ച് സർക്കാർ ഉത്തരവായത് മാത്രമേ അനുവദിച്ചു നൽകുവാൻ നിർവാഹമുള്ളൂ എന്ന ഡയറക്ടറുടെ നിർദ്ദേശത്തെ തുടർന്ന് 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ അനുവദിച്ച എച്ച്.എസ്.ടി. (ഗണിതം) അധികതസ്തിക റദ്ദ് ചെയ്ത് തസ്തികനിർണ്ണയ ഉത്തരവ് പരിഷ്കരിക്കുന്നതിന് അനുമതിക്കായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3. സമന്വയയിലെ തസ്തികനിർണയ ഉത്തരവിൽ 2022-23 വർഷം GO(Ms)No.95/2023/GEDN തീയതി 7.7.2023 പ്രകാരം അനുവദിച്ച ടി നാല് തസ്തികകളും (HST ഗണിതം-1, HST ഇംഗ്ലീഷ് -1, HST മലയാളം -1, ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ-1) ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഹിയറിങ് വേളയിൽ അറിയിച്ചിട്ടുണ്ട്.

4. ടി സ്കൂളിൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്)-1, എച്ച്.എസ്.ടി.(മലയാളം)-1, ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)-1 എന്നിങ്ങനെ മൂന്ന് അധിക തസ്തികകൾ മാത്രമേ സർക്കാർ അനുവദിച്ചിട്ടുള്ളൂ എന്ന കാരണത്താൽ പത്താം ക്ലാസിൽ ഒരു ക്ലാസ് ഡിവിഷനും ഒരു എച്ച്.എസ്.ടി.(മാത്സ്) തസ്തികയും അനുവദിക്കണമെന്ന മാനേജരുടെ ആവശ്യം 23.08.2023 തീയതിയിലെ ഉത്തരവ് നമ്പർ. RA4/75454/2023 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിട്ടുണ്ട്.

ടി സ്കൂളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും നടത്തിയ സന്ദർശനവേളയിൽ ഹാജരാകാതിരുന്ന കുട്ടികൾ വ്യാജമാണെന്നോ സ്ഥിരം ഹാജരാകാതിരിക്കുന്നവരാണെന്നോ റോളിൽ നിന്നും നീക്കം ചെയ്യേണ്ടവരാണെന്നോ ഒന്നും തന്നെ വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി കുട്ടികളെ തസ്തിക നിർണയത്തിന് പരിഗണിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, 2022-23 വർഷം സെൻറ് ജോൺസ് വി.എച്ച്.എസ്.എസ്.ൽ മതിയായ കുട്ടികളുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം, HST(Maths) അധികതസ്തിക പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി EXT P4 റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം കൊല്ലം ഉമ്മന്നൂർ സെൻറ് ജോൺസ് വി.എച്ച്.എസ്.എസ്. മാനേജർ ഫയൽ ചെയ്ത

WP(C)No.28683/2024 കേസ്സിന്മേൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച 13.08.2024 തീയതിയിലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഉമ്മന്നൂർ, കൊട്ടാരക്കര, കൊല്ലം
പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ് (GE-JA3/79/2025-G.EDN തീയതി: 31/07/2025)
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 26-12-2025 16:59:24